**Q3. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) 'ഉണ്ണിയച്ചിചരിത' ത്തിന്റെ ചരിത്രപരവും ഭാഷാപരവുമായ പ്രത്യേകതകളെക്കുറിച്ച് ഉപന്യസിക്കുക. *20*

(b) "വാമൊഴിയെ വരമൊഴിയാക്കുന്നു കാഴ്ച കൃഷ്ണ ഗാഥയിൽ പലദിക്കിലും കാണാവുന്നതാണ്" വിശദീകരിക്കുക. *15*

(c) തുള്ളൽ സാഹിത്യത്തിൽ സമൃദ്ധമായിക്കാണുന്ന വാമൊഴിമലയാളം പതിനെട്ടാം നൂററാണ്ടിലെ മലയാളത്തെ സംബന്ധിച്ചു് നല്കുന്ന അറിവുകളെന്തെല്ലാം ? *15*

**Q4. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) 'പുരുഷഭേദനിരാസം', 'അംഗഭംഗം', 'സ്വരസംവരണം' എന്നീ നയങ്ങൾ വിവരിച്ചുദാഹരിക്കുക. *20*

(b) ജ്ഞാനപ്പാനയിലെ ഭാഷ പച്ചമലയാള പ്രസ്ഥാനത്തിന്റെ മുന്നോടിയാണെന്ന് പറയാമോ ? വിശദീകരിക്കുക. *15*

(c) "വ്യാകരണപരമായ തികഞ്ഞ അവ്യവസ്ഥയും അരാജകത്വവും ഭാഷാകൗടലീയ ഭാഷയിൽ ഉടനീളം ദർശിക്കാവുന്നതാണു്" – ഈ അഭിപ്രായത്തെ സോദാഹരണം സമർത്ഥിക്കുക. *15*

**Q7. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) വള്ളത്തോൾ, ആശാൻ എന്നിവരുടെ കവിതകളിൽ നിന്ന് ഉള്ളൂർക്കവിത വ്യത്യസ്തമാകുന്നതെങ്ങനെ ? നിരൂപണ ദൃഷ്ട്യാ വിശദീകരിക്കുക. *20*

(b) മലയാളത്തിലെ ആത്മകഥാ സാഹിത്യത്തിൽ 'കവിയുടെ കാല്പാടുകൾ' വ്യത്യസ്തമാകുന്നതെങ്ങനെയെന്ന് വിശദീകരിക്കുക. *15*

(c) മലയാളത്തിലെ ചമ്പൂകാവ്യ ചരിത്രത്തിൽ മദ്ധ്യകാലചമ്പുക്കളുടെ സ്ഥാനം വ്യക്തമാക്കുക. *15*

**Q8. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) നിരണം കാവ്യങ്ങളിൽനിന്ന് കൃഷ്ണഗാഥയിലേക്കെത്തുമ്പോൾ പാട്ടുപ്രസ്ഥാനത്തിന് സംഭവിക്കുന്ന പരിണാമങ്ങൾ എന്തെല്ലാം ? *20*

(b) ആധുനികതാ പ്രസ്ഥാനം മലയാള കവിതയുടെ ആസ്വാദനക്ഷമതയിൽ വരുത്തിയ മാററങ്ങൾ എന്തെല്ലാം ? *15*

(c) മലയാള നിരൂപണത്തിൽ എം.എൻ. വിജയൻ, ഡോ. എം. ലീലാവതി എന്നിവരുടെ സമീപനരീതികൾ താരതമ്യം ചെയ്യുക. *15*